# 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

270/2017.

## ഉള്ളടക്കം

പേജ്


| | | | |
|---|---|---|---|
| 1. | സമിതിയുടെ ഘടന | : | v |
| 2. | റിപ്പോർട്ട് | : | vii |
| 3. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | : | 1 |

# വിഷയനിർണ്ണയ സമിതി VII
# (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
# (2016-2018)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,

തൊഴിലും എക്സൈസും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. എം.എം.മണി,

വൈദ്യുതി വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

| | |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ, | എം.എൽ.എ. |
| ശ്രീ. കെ. ദാസൻ, | " |
| ശ്രീ. ടി. വി. ഇബ്രാഹിം, | " |
| ശ്രീ. എം. രാജഗോപാലൻ, | " |
| ശ്രീ. വി. പി. സജീന്ദ്രൻ, | " |
| ശ്രീ. തോമസ് ചാണ്ടി, | " |
| ശ്രീ. പി. ഉണ്ണി. | " |
| ശ്രീമതി വീണാ ജോർജ്ജ് | " |

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

# 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി(ഭേദഗതി) ബിൽ

## (സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കായി അയച്ച 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 35), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 2016 ഡിസംബർ 15-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2017 മാർച്ച് 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2017 മാർച്ച് 13-ാം തീയതി സഭാ സമ്മേളനത്തിനുശേഷം ചേർന്ന സമിതിയോഗത്തിൽ ചെയർമാൻ ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയെ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കാൻ ചുമതലപ്പെടുത്തുകയും തുടർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

ബില്ലിന്റെ 2-ാം ഖണ്ഡപ്രകാരം ആക്റ്റിന്റെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (ജി) ഖണ്ഡത്തിൽ "സ്ഥാപനങ്ങളിലോ സ്ഥിരമായോ" എന്ന വാക്കുകൾക്കു പകരം "സ്ഥാപനങ്ങളിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

തിരുവനന്തപുരം,
2017 മാർച്ച് 13.

എം. എം. മണി,
*ചെയർമാനുവേണ്ടി,*
*സബ്ജക്ട് കമ്മിറ്റി VII.*

# 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സമിതി ഭേദഗതിയെ സൂചിപ്പിക്കുന്നു]

## 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.  2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007 മാർച്ച് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.- 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24) 3-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ, (എഫ്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജി) രണ്ടു വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗം, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച് പോകുന്ന അവസരത്തിൽ, നിധിയിൽനിന്നും ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്ത പക്ഷം, തൊഴിലാളി വിഹിതമായി അടച്ച തുക മാത്രം നൽകുന്നതിന്;

(എച്ച്) മരണാനന്തര സഹായധനം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ആ അംഗം നിധിയിലേക്ക് അംശദായമായി അടച്ച തുക നൽകുന്നതിന്;"

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മാർച്ച് 13.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*